## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 100 — 28.06.2016-ൽ മറുപടിയ്ക്ക്

## എസ്.എൻ.ഡി.പി. യുടെ മൈക്രോഫൈനാൻസ് പദ്ധതി

| | ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | എസ്.എൻ.ഡി.പി. യുടെ മൈക്രോഫൈനാൻസ് പദ്ധതിയിൽ തട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | (എ) (ബി) | എസ്.എൻ.ഡി.പി.-യുടെ മൈക്രോഫൈനാൻസ് പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് 1431/15 നമ്പർ സി.എം.പി.-യിൽ ബഹു: തിരുവനന്തപുരം വിജിലൻസ് കോടതി 20/01/2016-ൽ ഉത്തരവിട്ടതനുസരിച്ച് ക്യൂ.വി.02/16/എസ്.ആർ.ടി എന്ന നമ്പരിൽ തിരുവനന്തപുരം, ദക്ഷിണ മേഖല പോലീസ് സൂപ്രണ്ട് ഓഫീസിൽ ഒരു സത്വരാന്വേഷണം നടന്നു വരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ എന്തെല്ലാം ക്രമക്കേടുകൾ നടന്നുവെന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ. |
| (ബി) | ഈ പദ്ധതിയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും ആരെല്ലാമാണ് ഇതിന് ഉത്തരവാദികളെന്നും വിശദമാക്കാമോ; | | |
| (സി) | തട്ടിപ്പുകൾ സംബന്ധിച്ച് ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടത്തണമെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ.വെള്ളാപ്പള്ളി നടേശൻ, പ്രസിഡന്റ്, ഡോ.എം.എൻ.സോമൻ, മൈക്രോ ഫിനാൻസ് സ്കീം സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ശ്രീ.കെ.കെ.മഹേശൻ, കെ.എസ്.ബി.സി.ഡി.സി. മാനേജിംഗ് ഡയറക്ടർ (റിട്ട.) ശ്രീ.ജി.എൻ.നജീബ് എന്നിവർക്കെതിരെ അന്വേഷണം നടത്തണമെന്നാണ് കോടതി ഉത്തരവിലുള്ളത്. |
| (ഡി) | എന്തെല്ലാം തുടർനടപടികളാണ് പ്രസ്തുത കേസ്സിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അന്വേഷണം പൂർത്തിയായാൽ മാത്രമേ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ